**<u>16.12.2022 -ൽ കേരള ഗവൺമെന്റ് സെക്രട്ടറിയേറ്റിൽ വച്ച് നടന്ന ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 10-ാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി മീറ്റിംഗിന്റെ മിനിട്ട്സ്</u>**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ 10-ാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം 16.12.2022 -ന് രാവിലെ 11 മണിക്ക് കേരള ഗവൺമെന്റ് സെക്രട്ടറിയേറ്റ് അനക്സ് II ലെ ലയം ഹാളിൽ വച്ച് ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ പങ്കെടുത്തവരുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു.

ബഹു. തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി യോഗത്തിൽ പങ്കെടുക്കുന്നവരെ സ്വാഗതം ചെയ്തു. 9-ാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ്, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ അവതരിപ്പിക്കുകയും കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു. തുടർന്ന് മുൻ യോഗ തീരുമാനങ്ങൾ പ്രകാരം കൈക്കൊണ്ട തുടർനടപടികൾ വകുപ്പ് ഡയറക്ടർ വിശദീകരിക്കുകയുണ്ടായി.

- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് സെക്രട്ടറി വകുപ്പ് ഡയറക്ടറോട് നിർദ്ദേശിച്ചു.
- പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ പുതിയ ഒ.പി ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയാണെന്ന് ഇ.എസ്.ഐ കോർപ്പറേഷൻ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു.
- ഇ.എസ്.ഐ കോർപ്പറേഷന്റെ സ്വന്തം കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾക്ക് സ്റ്റേറ്റ് പി.ഡബ്ല്യൂ.ഡി യെ ഏൽപ്പിക്കുന്ന വിഷയം മന്ത്രിതല ചർച്ചയ്ക്ക് ശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണെന്ന് ബഹു. വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.
- സ്പെഷ്യാലിറ്റി ആശുപത്രികൾ പരിരക്ഷിത വ്യക്തികളിൽ നിന്നും റഫറൻസുമായി ബന്ധപ്പെട്ട് അധിക തുക ഈടാക്കുന്നുവെന്നും, അമൃത ആശുപത്രി പോലുള്ള പല ആശുപത്രികൾക്കുമെതിരെ ധാരാളം പരാതികൾ ഐ.പി കളിൽ നിന്നും ലഭിക്കുന്നുവെന്നും ഡയറക്ടർ അറിയിച്ചു. ഇങ്ങനെയുള്ള കേസുകളിൽ അധികമായി അടയ്ക്കുന്ന തുകയുടെ ബില്ലുകൾ ഐ.പി കളിൽ നിന്നും വാങ്ങിയതിനുശേഷം ആയത് ടി ആശുപത്രിക്ക് ഇ.എസ്.ഐ കോർപ്പറേഷൻ നൽകുന്ന തുകയിൽ കുറവ് ചെയ്യുകയും ടി കുറവ് ചെയ്യുന്ന തുക ഐ.പി കൾക്ക്

മടക്കി നൽകുകയുമാണ് ഇ.എസ്.ഐ കോർപ്പറേഷൻ നിലവിൽ ചെയ്യുന്നതെന്നും ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിനും സ്പെഷ്യാലിറ്റി കേസുകളിൽ ഈ രീതി പിൻതുടരാവുന്നതാണെന്നും യോഗം അഭിപ്രായപ്പെട്ടു. കൂടാതെ ടി വിഷയത്തിൽ തുടർന്നും പ്രശ്നങ്ങൾ നിലനിൽക്കുന്നുവെങ്കിൽ ഓരോ കേസും പ്രത്യേകമായി സർക്കാരിനെ അറിയിക്കുവാനും സെക്രട്ടറി നിർദ്ദേശിച്ചു.

- കേരളത്തിന് പുറത്ത് ചികിത്സ തേടുന്ന ഇ.എസ്.ഐ ഗുണഭോക്താക്കളുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ പാസ്സാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചു.

<u>യോഗ തീരുമാനങ്ങൾ</u>

1. a) ഇ.എസ്.ഐ ആശുപത്രി സ്പെഷ്യാലിറ്റി തസ്തികകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കണം. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

b) ഇ.എസ്.ഐ ആശുപത്രികളിലെ സ്പെഷ്യാലിറ്റി തസ്തികകളിൽ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ/ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്ക് designation അനുവദിച്ചുകിട്ടിയാൽ മാത്രമേ ഓൺലൈൻ മുഖേനയുള്ള പൊതു സ്ഥലംമാറ്റം സുഗമമായി നടത്താൻ കഴിയുകയുള്ളുവെന്ന് ഡയറക്ടർ യോഗത്തെ അറിയിച്ചു. സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണെന്ന് സെക്രട്ടറി അറയിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

2. a) ക്യാൻസർ ചികിത്സയ്ക്കുൾപ്പെടെയുള്ള വില കൂടിയ അത്യാവശ്യം ഉൾ പ്പെടുത്തേണ്ടുന്ന 32 ഐറ്റം മരുന്നുകൾ റേറ്റ് കോൺട്രാക്റ്റിൽ ഉൾപ്പെടുത്തണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തു. ടി ശിപാർശ സഹിതം ഇ.എസ്.ഐ കോർപ്പറേഷന് കത്ത് നൽകുവാനും യോഗം തീരുമാനിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

b) ചില ജീവൻ രക്ഷാമരുന്നുകൾ നോൺ കോൺട്രാക്റ്റിൽ നിന്നോ ക്വട്ടേഷൻ വഴിയോ വാങ്ങി നൽകുമ്പോൾ വർഷത്തിൽ 10 ലക്ഷം രൂപയെന്ന പരിധി അപര്യാപ്തമാണെന്നും ടി പരിധിക്ക് ശേഷം ചിലവാകുന്ന തുക റീ-ഇംബേഴ്സ് ചെയ്ത് ഐ.പി ക്ക് നൽകുമ്പോൾ പുറത്ത് നിന്നും ഐ.പി മരുന്നു വാങ്ങുമ്പോൾ ചിലവാകുന്ന കൂടിയ തുക നൽകേണ്ടി വരുന്നതായും ഡയറക്ടർ അറിയിച്ചു. 10 ലക്ഷം രൂപക്ക് മുകളിൽ ചിലവു വരുന്ന സൂപ്പർ സ്പെഷ്യാലിറ്റി

കേസുകൾ ഇ.എസ്.ഐ കോർപ്പറേഷൻ high cost കമ്മിറ്റിക്ക് അയച്ച് അംഗീകാരം വാങ്ങുവാൻ യോഗം നിർദ്ദേശിച്ചു. വർഷത്തിൽ 10 ലക്ഷം രൂപയെന്ന പരിധി വർഷങ്ങൾക്കു മുൻപേ നിലവിൽ വന്നതാണെന്നും പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതിനാൽ ഈ പരിധി വർദ്ധിപ്പിക്കണമെന്നുമുള്ള അഭിപ്രായം കമ്മിറ്റി അംഗീകരിച്ചു. ഇതുൾപ്പെടുത്തി ഇ.എസ്.ഐ കോർപ്പറേഷന് കത്ത് നൽകുവാനും യോഗം തീരുമാനിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

3. വകുപ്പിൽ കാന്റീൻ സൗകര്യം ലഭ്യമല്ലാത്ത 6 ഇ.എസ്.ഐ ആശുപത്രികളിൽ, സ്ഥലപരിമിതികൾക്കുള്ളിൽ നിന്ന് പ്രവർത്തിക്കാൻ കഴിയുന്ന ഏജൻസികളെ ഉപയോഗിച്ച് കാന്റീൻ പ്രവർത്തിപ്പിക്കാവുന്നതാണെന്നും ഇതിനായി സർക്കാരിൽ ശിപാർശ സമർപ്പിക്കുവാനും യോഗം നിർദ്ദേശിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

4. കണ്ണിന്റെ നിലവിലുള്ള പോസ്റ്റീരിയർ സെഗ്മെന്റിന്റെ സർജിക്കൽ ചികിത്സ കൂടാതെ ആന്റീരിയർ സെഗ്മെന്റിന്റെ മെഡിക്കൽ & സർജിക്കൽ (Vitro Retinal Medical) ചികിത്സ കൂടി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ കമ്മിറ്റി ശിപാർശ ചെയ്തു. ഇത് ഇ.എസ്.ഐ കോർപ്പറേഷൻ പോളിസി സംബന്ധമായ വിഷയമായതിനാൽ ഇ.എസ്.ഐ കോർപ്പറേഷൻ ഹെഡ്ക്വാർട്ടേഴ്സിന് കമ്മിറ്റി ശിപാർശ ഉൾപ്പെടുത്തി കത്ത് നൽകുവാനും യോഗം തീരുമാനിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

5. ക്യാൻസറിന്റെ ഭാഗമായുള്ള മിക്ക ചികിത്സകളും എമർജൻസി വിഭാഗത്തിൽപ്പെടുന്നതല്ലായെന്നും ആയതിനാൽ ടി ചികിത്സയ്ക്ക് റഫറൻസ് വാങ്ങിയ ശേഷം Regional Cancer Centre, Malabar Cancer Centre ഉൾപ്പെടെയുള്ള എംപാനൽഡ് ആശുപത്രികളിൽ നിന്നും ഇ.എസ്.ഐ ഗുണഭോഗക്താക്കൾക്ക് ചികിത്സ തേടാവുന്നതാണെന്നും സ്റ്റേറ്റ് മെഡിക്കൽ ഓഫീസർ യോഗത്തെ അറിയിച്ചു. എമർജൻസി വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന ക്യാൻസർ ചികിത്സ സംബന്ധമായ ബില്ലുകൾ വകുപ്പിന്റെ specific remarks സഹിതം ഇ.എസ്.ഐ കോർപ്പറേഷന് സമർപ്പിച്ചാൽ ആയത് പരിഗണിക്കാമെന്നും സ്റ്റേറ്റ് മെഡിക്കൽ ഓഫീസർ അറിയിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

6. പുതുതായി വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതിനുശേഷം അവധിയിൽ പ്രവേശിക്കുന്ന അലോപ്പതി അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാർക്ക് ബോണ്ട് ഏർപ്പെടുത്തുന്നത് സംബന്ധിച്ച്, ജോലിയിൽ

പ്രവേശിക്കുവാൻ ഉദ്ദേശിക്കുന്ന അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർമാരെ മാറ്റി നിർത്തുവാൻ നിലവിൽ നിർവ്വാഹമില്ലായെന്നും ടി വിഷയം സർക്കാർ പരിശോധിച്ചതിനുശേഷം ഉചിത നടപടി സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി യോഗത്തെ അറിയിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

7. രണ്ട് ഡോക്ടർ ടൈപ്പായും മൂന്ന് ഡോക്ടർ ടൈപ്പായും പ്രവർത്തിപ്പിക്കുന്നതിന് ഇ.എസ്.ഐ കോർപ്പറേഷൻ അനുമതി നൽകിയ 7 ഡിസ്പെൻസറികളിൽ അധിക തസ്തികകൾ ലഭ്യമാകുന്നതുവരെ ഏക ഡോക്ടർ ടൈപ്പായി ആലത്തൂർ ഇ.എസ്.ഐ ഡിസ്പെൻസറി പ്രവർത്തിപ്പിക്കുന്നതിന് അനുതമി നൽകിയതുപോലെ മറ്റ് 6 ഡിസ്പെൻസറികൾക്ക് കൂടി അനുമതി നൽകണമെന്ന് ഡയറക്ടർ ആവശ്യപ്പെട്ടു. സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

8. ഇ.എസ്.ഐ ക്വാർട്ടേഴ്സുകളുടെ ജീർണ്ണാവസ്ഥയിലുള്ള മറ്റു കെട്ടിടങ്ങളുടെയും മെയിന്റനൻസ് വർക്കുകൾ സ്റ്റേറ്റ് പി.ഡബ്ല്യൂ.ഡി യെ ഏൽപ്പിക്കുന്നതിന്റെ ഭാഗമായി മന്ത്രിതലചർച്ച ഉടൻ നടത്തുന്നതാണെന്ന് ലേബർ സെക്രട്ടറി അറിയിച്ചു. PWD Norms അനുസരിച്ച് വകുപ്പിന്റെ വർക്കുകൾ ഏറ്റെടുക്കാവുന്നതാണെന്ന് പൊതുമരാമത്ത് വകുപ്പ് മന്ത്രി അറിയിച്ചിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പിന്റെയും ഇ.എസ്.ഐ കോർപ്പറേഷന്റെയും ഉദ്യോഗസ്ഥർ ഒരുമിച്ച് ഇൻസ്പെക്ഷൻ നടത്തിയതിനുശേഷം റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതാണെന്ന് പി.ഡബ്ല്യൂ.ഡി അഡീഷണൽ സെക്രട്ടറി യോഗത്തെ അറിയിച്ചു. **(നടപടി - പൊതുമരാമത്ത് വകുപ്പ്)**

9. സെൻട്രൽ മെഡിക്കൽ സ്റ്റോറിന്റെ സ്ഥല സൗകര്യം കൂട്ടുന്നതിനായി നിലവിലുള്ള കെട്ടിടത്തിൽ ഒരു നില കൂടി പണിയുകയോ, കരമന/ ചാക്ക ഡിസ്പെൻസറികൾ കേന്ദ്രീകരിച്ച് പുതിയ കെട്ടിടം നിർമ്മിക്കുകയോ ചെയ്യുന്ന വിഷയത്തിലും പുതിയ സ്റ്റോർ വാൻ വാങ്ങുന്ന വിഷയത്തിലും പ്രൊപ്പോസൽ സമർപ്പിച്ചാൽ പരിശോധിക്കാമെന്ന് ഇ.എസ്.ഐ കോർപ്പറേഷൻ അറിയിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

10. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പുമായി എംപാനൽ ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചതും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാരുടെ അനുകൂല റിപ്പോർട്ട് ലഭിച്ചതുമായ താഴെപറയുന്ന 23 സ്വകാര്യ ആശുപത്രികളെ / ഡയഗ്നസ്റ്റിക് സെന്ററുകളെ കൂടി എംപാനൽ

ചെയ്യുന്നതിന് കമ്മിറ്റി തീരുമാനിച്ചു.

| LIST OF PRIVATE HOSPITALS /DIAGNOSTIC CENTRES APPLIED FOR SPECIALITY EMPANELMENT | | |
|---|---|---|
| Sl. No. | Name & Address of Hospital / Diagnostic Centre | Speciality Services to be Empanelled |
| 1 | Meditrina Hospital, Pattom, Thiruvananthapuram | Evaluation Of Infertility, Counselling Of Couples, Male Fertility Clinic, IVF, Blastocyst Transfer, Cryo Preservation, Frozen Embryo Transfer. |
| 2 | Vettom Eye Hospital, Perumpilly.P.O, Ernakulam, Pin-682 314 | Ophthalmology - Cataract, Glaucoma, Ocular Trauma, Cornea And Anterior Segment, Retina, Diabetic Retinopathy Management, Squint Correction, Paediatric Ophthalmolgy, Investigation Like FFA, OCT, HFA., Intravitreal Injections, Laser, Emergency Admission For Ocular Trauma If Possible, Gonio, Yag Laser |
| 3 | Ahalia Women And Children Hospital, Ahalia Campus, Palakkad-678 557 | Paediatrics, Obstetrics And Gynaecology, Radiology (USG & Xray Only) |
| 4 | Giridhar Eye Institute, Kadavanthra, Cochin, Ernakulam – 682 020 | Ophthalmology- Cataract, Glaucoma, Ocular Trauma, Cornea And Anterior Segment, Retina, Diabetic Retinopathy Management, Squint Correction, Paediatric Ophthalmolgy, Investigation Like FFA,OCT, HFA, Keratoconus, c3r, Intravitreal Injections, Laser, Emergency Admission For Ocular Trauma If Possible, Gonio, Yag Laser |
| 5 | Mercy Hospital, Pothy, Thalayolaparambu, Kottayam. Pin – 686 605 | Orthopaedics (EXCEPT Artroscopy), Obstetrics & Gynaecology |
| 6 | Alpha ENT Head And Neck Research Institute, Ernakulm, Deshabhimani Road, Kaloor, Ernakulam, Pin- 682 017 | ENT |
| 7 | Poyanil Hospital, Kozhencherry, Pathanamthitta - 689 641 | Orthopaedics |

| | | |
|---|---|---|
| 8 | Malankara Orthodox Syrian Cathalic Mission Hospital, Kunnamkulam, Thrissur. | General Medicine, General Surgery, Obstetrics & Gynaecology, Orthopaedics(Including Knee Joint & Hip Replacement), Ophthalmology (Except Retina / Vitreo-Retinal Surgery), Pulmonology, Paediatrics & Neonatology (Except Level3), Psychiatry, Dermatology, Radiology (USG & X-Ray Only), Microbiology & Lab, ENT, Physiotherapy |
| 9 | Dr.Girija's Lab And Scans Attingal,Thiruvananthapuram, Pin – 695 101 | Biochemistry, Histopathology, Microbiology, Pathology, USG (Ultra Sonogram) |
| 10 | Amardeep Eye Care, Peroorkada, Thiruvananthapuram – 695 005. | Ophthalmology (Excluding Retina/ Vitreo-Retinal Surgery) |
| 11 | SN Medical Mission Hospital, Cherthala, Alappuzha Pin – 688 524 | ENT |
| 12 | Sree Narayana Trust Medical Mission Hospital, Kollam Pin - 691 001. | General Medicine, General Surgery, Gynaecology, Orthopaedics. |
| 13 | EMS Co-Operative Hospital And Research Centre, Perinthalmanna, Malappuram, Pin 679 322 | General Medicine & Diabetology, General & Laproscopic Surgery, Dermatology & Dermato Surgery (Excluding Cosmetic Surgery), ENT Head & Neck Surgery, Ophthalmology(Except Retina/ Vitreoretinal Surgery), Orthopaedics & Traumatology, Obstetrics & Gynaecology, Paediatrics & Neonatolgy(Except Level3), Pulmonology, Asthma & Allergy, Psychiatry, Physiotherapy, Radiology(USG & Xray Only), Anaesthesiology & Critical Medicine., Lab Investigations (Costing Below Rs.3000/- Only) |
| 14 | Moulana Hospital, Perinthalmanna, Malappuram – 679 322 | General Medicine, General & Laproscopic Surgery, ENT (Except Cochlear Implant), Gynaecology & IVF, Orthopaedics, Ophthalmology(Except Retina/ Vitreoretinal Surgery), Anaesthesiology, Paediatrics, Neonatology(Except level3), Dermatology, Psychiatry, Pathology, Physical Medicine & |

| | | |
|---|---|---|
| | | Rehabilitation, Radiology(X-Ray & USG Only), Lab Investigations (Costing Below Rs.3000/- Only) |
| 15 | Medicare Hospital, Kodungallur, Thrissur | General Surgery, Obstetrics & Gynaecology, Orthopaedics |
| 16 | Malabar Hospitals Pvt Ltd, Manjeri, Malappuram – 676 123. | General Medicine, General & Laproscopic Surgery, Skin & VD, ENT, Head & Neck Surgery, Respiratory Medicine, Orthopaedics Including Joint Replacement & Arthroscopy, Obstetrics & Gynaecology & IVF, Paediatrics & Neonatology(Except Level3), Psychiatry, Anaesthesiology, Lab Investigations (Costing Below Rs.3000/Only) |
| 17 | Edappal Hospital Pvt Ltd, Edappal.P.O, Malappuram – 679 576 | General Medicine, Neonatology (Except Level3), Dermatology, Ophthalmology (Except Retina/Vitreoretinal Surgery), Orthopaedics, Obstetrics & Gynaecology, Paediatrics, Psychiatry, Pulmonology, Anaesthesiology, Diabetology, Radiology(X-Ray & USG Only), Lab Investigations (Costing Below Rs.3000/- Only) |
| 18 | Sevana Hospitals And Research Centre, Pattambi, Kalladipatta (p.o), Palakkad – 679 313. | General Medicine & Diabetology, General Surgery, Dermatology, ENT, Orthopaedics, Obstetrics & Gynaecology, IVF, Paediatrics, Psychiatry, Anaesthesiology, Radiology(X-Ray & USG Only), Lab Investigations (Costing Below Rs.3000/- Only) |
| 19 | Kasargod District Cooperative Hospital Society Ltd, Kumbla.P.O, Kasargod – 671 321 | General Medicine, General Surgery, Gynaecology, Paediatrics, Orthopaedics, Dermatology, ENT, Psychiatry. |
| 20 | Amar Maternity Hospital, Attingal, Thiruvananthapuram. | IUI, ICSI, IMSI, Follecular Study, Hormone Stimulation |

| | | |
|---|---|---|
| 21 | Trinity Eye Hospital, Mavoor Road, Pottmmal Jn, Kozhikkode | Anterior Segment Evaluation & Treatment, Posterior Segment Evaluation. |
| 22 | Samarithan Hospital, Pazhanganad, Kizhakkambalam, Ernakulam – 683 562. | General Medicine, General & Laproscopic Surgery, Orthopaedic Surgery Includig Ortho & Joint Replacement Surgery, Obstetrics & Gynaecology, ENT Surgery, Paediatrics. |
| 23 | Mar Baselios Medical Mission Hospital, Kothamangalam, Ernakulam – 686 691 | General Medicine, General & Laproscopic Surgery, Obstetrics & Gynaecology, Pediatrics Including Newborn Care Except Level3 Neonatology ICU, Psychiatry. |

**(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

11. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പുമായി നിലവിൽ എംപാനൽഡ് ചെയ്തിട്ടുള്ള 20 സ്വകാര്യ സ്ഥാപനങ്ങളുടെ കാലാവധി പുതുക്കി നൽകിയ ഡയറക്ടറുടെ നടപടി കമ്മിറ്റി സാധൂകരിച്ചു.

**LIST OF EMPANELD HOSPITALS WHOSE PERIOD WAS RENEWED**

| Sl. No. | Name & Address Of Hospital | Speciality Services To Be Empanelled | Period Of Empanelment |
|---|---|---|---|
| 1 | Mar Gregorios Memorial Muthoot Medical Centre, Pathanamthitta | Emergency Medicine, Trauma Care unit, Laproscopic Surgery, Anaesthesiology, Dermatology, Diagnostic Departments, Internal Medicine, Obstertrics & Gynaecology, Ophthalmology, ENT, General Medicine, Neonatology, Orthopaedics, Paediatrics, Psychiatry, Pulmonology | 20/10/2021 to 19/10/2023 |
| 2 | Modern Hospital Kodungaloor, Thrissur | Gynaecology, Ortho, General Surgery, General Medicine, USS, Paediatric, ENT. | 16/04/2021 to 15/04/2023 |
| 3 | Lourdes Hospital, Pachalam, Ernakulam | General Medicine, General Surgery, Obstetrics & Gynaecology, | 15/12/2021 to 14/12/2023 |

| | | | |
|---|---|---|---|
| | | Orthopaedic Surgery, Orthopaedic & Physiotherapy, Neonatology & Paediatrics, ENT, Pulmonology, Dermatology, Psychiatry, Rheumatology, Pathology, Critical Care, Diagnostic Services Including X - R a y , ECG Laboratary, Ultrasound, Mammography, EEG, EMG, NCV, TMT | |
| 4 | Dr.Agarwalls Eye Hospital, Trivandrum | Cataract, Retina, Glaucoma, Refractive, Occuloplasty, Paediatric Ophthalmology, Neuro Ophthalmology | 23/03/2021 to 22/03/2023 |
| 5 | Jubilee Mission Hospital, Thrissur | Orthopaedics, General Medicine, General Surgery, ENT, Ophthalmology, Obstertrics and Gynaecology, Paediatric Medicine, Neonatology, Psychiatry, Pulmonology, Dermatology, Physiotherapy, Radiology, Ultrasound Scan, All lab Services including Microbiology and Pathology | 08/03/2022 to 7/03/2024 |
| 6 | St Sebastians Visitation Hospital, Arthunkal, Alappuzha | Gynaec & Obstetrics, Opthalmology, Orthopaedic, General Surgery, Ultra Sound | 20/04/2021 to 19/04/2023 |
| 7 | Valluvanad Hospital Complex Ltd. Ottappalam, Palakkad | General Medicine, GeneralSurgery, Obstertrics & Gynaecology, Orthopaedics, Ophthalmology, ENT, Pulmonology, Psychiatry, USS, Paediatrics, Dermatology, Lab Investigations | 01/04/2022 to 31/03/2024 |
| 8 | P.K.Das Institute Of Medical Sciences, Ottapppalam, Palakkad | General Medicine, General Surgery, Orthopaedics, Opthalmology, Paediatrics, ENT, Psychiatry, Obstetrics and Gynaecology, Dermatology, Blood bank, Lab Investigations, USG | 27/05/2022 to 26/05/2024 |
| 9 | Pushpagiri Medical College Hospital, Thiruvalla, Pathanamthitta | General Medicine, General Surgery, Gynaecology, Paediatrics, Orthopaedics, ENT, Ophthalmology, Pulmonary | 01/08/2022 to 31/07/2024 |

| | | | |
|---|---|---|---|
| | | Medicine, Psychiatry, Dermatology, Blood Test and Other Investigations, X-Ray & USG | |
| 10 | Maria Hospital, Adoor, Pathanamthitta | General Medicine, General Surgery, Obstetrics and Gynaecology, Paediatrics, Orthopaedics, ENT, USG and X-ray | 29/07/2022 to 28/07/2024 |
| 11 | Amala Institute Of Medical Sciences, Thrissur | General Surgery, General Medicine, Paediatrics, Orthopaedics, ENT, Ophthalmology, Pulmonology, Psychiatry, Dermatology, Ultra Sound Scanning, Gynaecology, Rheumatology Laboratory Investigations, Physiotherapy | 01/08/2022 to 31/07/2024 |
| 12 | KMCT Medical College, Kozhikkode | General Medicine, General Surgery, Paediatrics, Orthopaedic Surgery, Ophthalmology(Excluding Retina/ Vitreo Retinal Surgery& Related Investigations), Pulmonolgy (Chest & TB) Psychiatry, Dermatology, Emergency Medicine, ENT, Obstetrics & Gynaecology, Anaesthesiology, ICU, Blood Bank, Physio Therapy, Neonatology (Excluding Level3), X-Ray & USG | 17/07/2022 to 16/07/2024 |
| 13 | KIMS Multi Speciality Hospital Pvt Ltd, Kollam | Obstertrics & Gynaecology, Neonatology, Orthopaedics, Respiratory Medicine, ENT, General Medicine, General Surgery, Ultra Sound Scanning | 09/04/2022 to 08/04/2024 |
| 14 | Baby Memorial Hospital, Kozhikkode | General Medicine, Pulmonolgy, Orthopaedics & Joint Replacement, All Lab Investigations (Below Rs.3000/Only), X-ray | 09/04/2022 to 08/04/2024 |
| 15 | Dr.Somerwell Memorial CSI Medical College, Karakkonam. | Anaesthesiology, Dermatology, Obstetrics & Gynaecology, Respiratory Medicine, ENT, General Medicine, General Surgery, Ophthalmology, Orthopaedics, Paediatrics, Psychiatry | 01/11/2022 to 31/10/2024 |
| 16 | Thejaswini Hospital, | General Surgery, General | 20/07/2022 to |

| | | | |
|---|---|---|---|
| | Kasargod | Medicine, Paediatrics, Gynaecology, ENT ,Orthopaedics | 19/07/2024 |
| 17 | Bharath Hospital, Kottayam | Arthroscopic service, Joint Replacement, General Medicine, Paediatrics & Neonatology (Except Level3), Obstetrics & Gynaecology, | 01/11/2022 to 31/10/2024 |
| 18 | KIMS Bellerose Institute Of Medical Sciences Pvt Ltd., Kottayam | General Medicine, General Surgery Including Laproscopic Surgery, Obstetrics & Gynaecology, Orthopaedics Including Joint Replacement & Arthroscopic, Respiratory Medicine, US Abdomen | 02/11/2022 to 01/11/2024 |
| 19 | Trichur, District Co-Operative Hospital, Trissur | General Medicine, General Surgery, Orthopaedics including Joint Replacement, Gynaecology & Obstetrics Paediatrics & Neonatology (Excluding Level3) ENT With Audiology, Ophthalmology (Excluding Retina/Vitreo Retinal Surgery), Pulmonology, Dermatology, Physiotherapy & Rehabilitation, USG & X-Ray, Psychiatry | 16/11/2022 to 15/11/2024 |
| 20 | Malabar Medical College Hospital & Research Centre, Kozhikkode | General Medicine, General Surgery, Gynaecology, Paediatrics, Orthopaedics, ENT, Ophthalmology (Excluding Retnia / Vitreo retinal Surgery), Pulmonology, Psychiatry, Dermatology, Physical Medicine & Rehabilitation. | 01/11/2022 to 31/10/2024 |

12. ഡെന്റൽ വിഭാഗം സ്വകാര്യ ആശുപത്രികളുമായി എംപാനൽഡ് ചെയ്യേണ്ടതുണ്ടെങ്കിൽ, സർക്കാരിലേക്ക് ശിപാർശ സമർപ്പിച്ചാൽ അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് സെക്രട്ടറി അറിയിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

13. സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് എംപാനൽഡ് ചെയ്തിരുന്ന 'ASTEN HOSPITAL KOZHIKKODE' എന്ന സ്ഥാപനം എംപാനൽമെന്റിൽ നിന്നും

പിന്മാറാൻ അപേക്ഷ നൽകിയതുപ്രകാരം ടി സ്ഥാപനത്തെ എംപാനൽമെന്റിൽ നിന്നും ഒഴിവാക്കിയ വകുപ്പിന്റെ തീരുമാനം കമ്മിറ്റി അംഗീകരിച്ചു.

14. വടവാതൂർ ഇ.എസ്.ഐ ആശുപത്രിയിൽ നിന്നും വകുപ്പിന് എംപാനൽമെന്റ് ഇല്ലാത്ത ഇടുക്കി ജില്ലയിലെ "മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ" എന്ന സ്ഥാപനത്തിലേക്ക് സ്പെഷ്യാലിറ്റി ചികിത്സയ്ക്കായി ഓഫ് ലൈൻ റഫറൻസ് നടത്തിയ വകയിലുള്ള 13 ബില്ലുകളുടെ തുക വകുപ്പിൽ നിന്നും അനുവദിച്ചു നൽകുവാൻ കമ്മിറ്റി തീരുമാനിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

15. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പുമായി എംപാനൽഡ് ചെയ്തിരുന്ന ആലപ്പുഴ ജില്ലയിലെ സെന്റ് സെബാസ്റ്റ്യൻസ് ആശുപത്രിക്ക് എംപാനൽമെന്റ് നിലവിലില്ലാതിരുന്ന സമയത്ത് ചികിത്സ നടത്തിയ വകയിൽ പേയ്മെന്റ് നൽകാനുള്ള 4 ബില്ലുകൾക്ക് തുക അനുവദിക്കുന്ന തീരുമാനം കമ്മിറ്റി അംഗീകരിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

16. a) ഓൺലൈൻ സ്പെഷ്യാലിറ്റി റഫറൻസ് ബിൽ പ്രോസസിംഗ് സംബന്ധിച്ചും 24 തസ്തികകളുടെ പുനർവിന്യാസവുമായി ബന്ധപ്പെട്ടും സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ അടിയന്തിരമായി ലഭ്യമാക്കുവാൻ സെക്രട്ടറി നിർദ്ദേശിച്ചു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

b) 6 ഇ.എസ്.ഐ ആശുപത്രികളിലെ ഐ.സി യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ നഴ്സിംഗ് ഓഫീസർമാരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ലഭിക്കുന്നതിന് ബുദ്ധിമുട്ട് ഉണ്ടെങ്കിൽ ആ വിവരങ്ങൾ ഉൾക്കൊള്ളിച്ച വിശദമായ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാനും ആയത് പരിശോധിച്ചതിനുശേഷം ബദൽ മാർഗ്ഗങ്ങൾ തേടാമെന്നും യോഗത്തിൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

17. പല ഇ.എസ്.ഐ സ്ഥാപനങ്ങളിലും ഫാർമസിസ്റ്റുമാരുടെ അപര്യാപ്തത ഉള്ളതിനാൽ പി.എസ്.സി മുഖേനയുള്ള ഫാർമസിസ്റ്റുമാരുടെ നിയമനം വേഗത്തിലാക്കുന്നതിന് സർക്കാരിൽ ശിപാർശ സമർപ്പിക്കുവാൻ കമ്മിറ്റി ആവശ്യപ്പെട്ടു. **(നടപടി - ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്)**

**ഉച്ചയ്ക്ക് 12 മണിക്ക് യോഗം അവസാനിച്ചു.**

**അനുബന്ധം - I**

## 10th State Executive Committee Meeting (16.12.2022)

| പങ്കെടുത്തവർ |
|---|

| ക്രമ നമ്പർ | പേര്, തസ്തിക |
|---|---|
| 1 | ശ്രീമതി മിനി ആന്റണി ഐ.എ.എസ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ് |
| 2 | ശ്രീമതി ലതാകുമാരി.എം.ബി, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് |
| 3 | ഡോ.രാജേഷ് ഡൊമിനിക്, സ്റ്റേറ്റ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ കോർപ്പറേഷൻ |
| 4 | ശ്രീ.വിനയൻ.വി.എസ് അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ് |
| 5 | ശ്രീ.കെ.പി.ജോസ്, ഡെപ്യൂട്ടി ഡയറക്ടർ (ഇൻ-ചാർജ്), ഇ.എസ്.ഐ കോർപ്പറേഷൻ, സ്റ്റേറ്റ് റീജിയണൽ ഓഫീസ്, തിരുവനന്തപുരം |
| 6 | ശ്രീമതി ജ്യോതി.ആർ, എക്സിക്യൂട്ടീവ് എഞ്ചിനിയർ, പൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗം |
| 7 | ശ്രീ.സജീം.എസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പിപൊതുമരാമത്ത് വകുപ്പ് ബിൽഡിംഗ് വിഭാഗം |
| 8 | ഡോ.പ്രേമകുമാർ.എം, കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ |
| 9 | ഡോ.മാലിനി.എസ്, ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| 10 | ഡോ.സി.എച്ച്.എസ്.മണി, ജോയിന്റ് ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| 11 | ഡോ.ബിന്ദു മേരി ഫ്രാൻസിസ്, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (ഇൻ-ചാർജ്ജ്) മദ്ധ്യമേഖല, കൊല്ലം, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |

| | |
|---|---|
| | |
| 12 | ഡോ.സുധീർ കുമാർ.വി.കെ, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഉത്തരമേഖല, കോഴിക്കോട്, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| 13 | ഡോ.വി.എ.സിനി പ്രിയദർശിനി, സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, ആലപ്പുഴ |